കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആനിക്കാട് ഗ്രാമപ്പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് - 2018-19


**കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല**

e-mail:lfadpta@gmail.com


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

**ഭരണഭാഷ-മാതൃഭാഷ**


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട – 689 645

ഫോൺ: 0468 2223691

ഇ-മെയിൽ lfadpta@gmail.com


കെ.എസ്.എ.പിറ്റിഎ.പി7/200/2020

തീയതി:27.04.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
ആനിക്കാട് ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: ആനിക്കാട് ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനിക്കാട് ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.റ്റി.എ.പി.7/200/2020 തീയതി 27.04.2020

**പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

പത്തനംതിട്ട ജില്ലയിലെ **ആനിക്കാട് ഗ്രാമപ്പഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 14.03.2019 മുതൽ 31.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും വിവിധ അക്കൗണ്ടുകളിൽ നിന്നും 31.12.2019 വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.പി.കെ.വിജയലക്ഷ്മി ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.02.2020 മുതൽ 06.03.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.അനിൽ മാത്യു ഐപ്പ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.അരുൺ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സുനിൽകുമാർ.യു.എസ്., ഓഡിറ്റർ |

**ബി)നിർവ്വഹണാധികാരികൾ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ലിയാഖത്ത് അലിക്കുഞ്ഞ് | 01.04.2018-10.01.2019 |

| | | |
|---|---|---|
| | ശ്രീമതി ശ്രീദേവി.എം.എസ് | 11.01.2019-04.02.2019-F.N |
| | ശ്രീ. തോമസ്സ് മാത്യു | 04.02.2019-AN 31.03.2019 |
| സെക്രട്ടറി | ശ്രീമതി ബിന്ദു.എ.ജോയി | 01.04.2018-31.03.2019 |

| മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| അസ്സിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ദിലീപ്.എസ് | 01.04.2018-31.03.2019 |
| കൃഷി ഓഫീസർ | ശ്രീമതി അനിലാ.റ്റി.ശശി | 01.04.2018-31.03.2019 |
| വെറ്റിനറി സർജൻ | ശ്രീമതി മേരി ബിൽനാ ചാണ്ടി | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.അഞ്ജലി കൃഷ്ണ | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഭക്തി | 01.04.2018-31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സജൻ.എസ് | 01.04.2018-31.03.2019 |
| ICDS സൂപ്പർവൈസർ | ശ്രീമതി അഞ്ജുകൃഷ്ണ | 01.04.2018-31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജെസ്സി | 01.04.2018-31.03.2019 |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| | | |

| | | |
|---|---|---|
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ഈടാക്കുന്നില്ല | 1-12 |
| 13 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 14 | വെള്ളക്കരം കുടിശ്ശിക ക്രമാതീതമായി പെരുകുന്നു | 1-14 |
| 15 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയില്ല | 1-15 |
| 16 | വാങ്ങിയ വാട്ടർടാങ്ക് മുഴുവനായും വിതരണം ചെയ്തില്ല | 1-16 |
| 17 | ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തീകരിച്ചതിന് രേഖകളില്ല | 1-17 |
| 18 | ടെൻഡർ നടപടി ക്രമങ്ങൾ പാലിക്കാതെ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങൽ നടത്തി | 1-18 |
| 19 | പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-19 |
| 20 | ആശ്രയ രണ്ടാം ഘട്ട പദ്ധതി അവലോകനം | 1-20 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ (ഇല്ല)** | |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ (ഇല്ല)** | |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 21 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 22 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 23 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 24 | മൊബീലൈഷേൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 25 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 26 | സ്ഥിരനിക്ഷേപം | 4-6 |
| 27 | ഓഡിറ്റ് റിക്കവറി | 4-7 |
| 28 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 29 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്</u>

## 1-1 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 27.03.2018-തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 02.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3459631 |
| വരവ് | 56099405 |
| ആകെ | 59559036 |
| ചെലവ് | 51777464 |
| നീക്കിയിരിപ്പ് | 7781572 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 9536000 | 9536000 | 9536000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 4520000 | 4520000 | 4185786 | 334214 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 189000 | 189000 | 189000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 12785000 | 12785000 | 12657041 | 127959 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 2780000 | 2780000 | 2458057 | 321943 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 4426000 | 4426000 | 4277583 | 148417 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 9854094 | 9854094 | 9854094 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6630 | 320123 | 326753 | 321903 | 4850 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 190 | 55236823 | 158 | 41141270 | - | 32 | 90 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6630 | 320123 | 326753 | 321903 | 4850 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 9854094 | 9854094 | 9854094 | |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 13440 | 6 |
| കർഷകതൊഴിലാളി പെൻഷൻ | 2838400 | 221 |
| വിധവാപെൻഷൻ | 4830600 | 400 |
| വാർദ്ധക്യകാലപെൻഷൻ | 10454000 | 868 |
| വികലാംഗപെൻഷൻ | 2291700 | 181 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.03.2020-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 68972(അറുപത്തിയെണ്ണായിരത്തി തൊള്ളായിരത്തി എഴുപത്തിരണ്ട്) രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

**ആസ്തി സംരക്ഷണം:** ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ്വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/ തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.2019 | 04/19-07/19 വരെ | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.11.2016 | 2011-12 മുതൽ 2015-16 വരെ | 02.01.2017 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

**1. ഷെഡ്യൂൾ ബി-3**

Capital Contribution മുൻ വർഷ തുക തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൻ വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികൂടി ഉൾപ്പെടുത്തി ക്രമപ്പെടുത്തേണ്ടതാണ്.

**2. ഷെഡ്യൂൾ ബി-4**

1. ബി-4 ഷെഡ്യൂളിലെ വിവിധ ഫണ്ടുകളുടെ നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല. എല്ലാ ഫണ്ടുകളിൽ നിന്നും തൻവർഷം ചെലവ് വന്നിട്ടുണ്ട്. എങ്കിലും നീക്കിയിരിപ്പിനെ ബാധിച്ചിട്ടില്ല. തനത്ഫണ്ട് ചെലവുകളായി കണക്കിൽ ഉൾപ്പെട്ടിരിക്കുകയാണ്. ഓരോ ഫണ്ടിന്റെയും വിനിയോഗ വിവരം (ACR) രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ഇവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
   Grants,Funds & Conributions for specific purposes – Other Government Agencies – Jalanidhi – 2,52,450 രൂപ എന്ന ഇനം Road Cutting ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച തുകയാണ്. ഇത് RP -4 ലാണ് കാണിക്കേണ്ടത്.

**3. ഷെഡ്യൂൾ ബി-7**

രജിസ്റ്റർ പ്രകാരം Water Deposit ഇനത്തിലുള്ള തുക 16500/- ആണ് . ഇത് 14000/- എന്നാണ് AFS-ൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് കൃത്യമാക്കേണ്ടതാണ്.

**4. ഷെഡ്യൂൾ ബി-9**

Employee Liabilities -Pension Contributions Payable ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക 41,102/- ആണ്. എന്നാൽ ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ഈ ഇനത്തിൽ അടവാക്കിയിരിക്കുന്നത് 33,675/- രൂപമാത്രമാണ്. കൃത്യമായി അടച്ച തുക ഈ ഇനത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

**5. ഷെഡ്യൂൾ ബി-11(a)**

ഡിപ്രീസിയേഷൻ ഇനത്തിൽ മുൻവർഷ തുക തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഡിപ്രസിയേഷൻ കുറവ് ചെയ്തിട്ടില്ല. ഷെഡ്യൂൾ I-17(a) യിലും ഡിപ്രസിയേഷൻ കുറവ് ചെയ്ത തുക ഉൾപ്പെടുത്തണം. (ഈ ഷെഡ്യൂൾ AFS സിൽ ഉൾപ്പെടുത്തിയിട്ടില്ല.)

**6. ഷെഡ്യൂൾ ബി-15**

വസ്തു നികുതിയിനത്തിൽ രേഖപ്പെടുത്തിരിക്കുന്ന തുകകൾ സഞ്ചയപ്രകാരമുള്ള DCB തുകകളുമായി പൊരുത്തപ്പെടുന്നില്ല.

**7. ഷെഡ്യൂൾ ബി-18**

Advance to implementing Agencies – Deposit with Kerala Electricity Board ന് Advance ആയി നൽകിയ തുക രജിസ്റ്റർ പ്രകാരമുള്ളതും ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ആയത് ക്രമപ്പെടുത്തേണ്ടതാണ്.

8. എം.ജി.എൻ.ആർ.ഇ.ജി.എസ്-ന്റെ കണക്കുകൾ – വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയും ക്യാഷ് ബുക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
9.ഷെഡ്യൂൾ ബി5-ലോൺ ഇനത്തിൽ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

# 1-12 ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ഈടാക്കുന്നില്ല

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും 28-09-2013-ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഈ ഇനത്തിൽ എക്സി. എഞ്ചിനിയറുടെ അക്കൌണ്ടിൽ ഒടുക്കിയ തുക തിരികെ ഈടാക്കുന്നതിന് നടപടി കൈക്കൊള്ളുന്നില്ല. 2016-17 സാമ്പത്തിക വർഷം മുതൽ 2018-19 വരെ ഈ ഇനത്തിൽ തിരികെ ലഭിക്കാനുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടുകളുടെ എണ്ണം | ഒടുക്കിയ ടെണ്ടർഫീ |
|---|---|---|
| 2016-17 | 3 | 29290 |
| 2017-18 | 3 | 6100 |
| 2018-19 | 65 | 125992 |
| ആകെ | 71 | 161382 |

ഗ്രാമപ്പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീസ് തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോടും പഞ്ചായത്ത് ഭരണസമിതിയോടും ശുപാർശ ചെയ്യുന്നു.

# 1-13 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 232ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടിക1ൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. 2018-19 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നത് എന്ന് വ്യക്തമായി.

1. റേഷൻ റീട്ടെയിൽ ഷോപ്പ്-12 എണ്ണം
2. ക്ഷീരോൽപ്പാദക സഹകരണ സംഘം-4 എണ്ണം

നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി,ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.201) അറിയിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം പ്രതിപാദിച്ചിരുന്നെങ്കിലും നികുതി ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കാൻ ഉതകുമായിരുന്ന നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും പഞ്ചായത്ത് ഭരണസമിതിയും പരിഗണിക്കാത്തത് ഉചിതമായില്ല. ഈ വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-14 വെള്ളക്കരം കുടിശ്ശിക ക്രമാതീതമായി പെരുകുന്നു

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം അതാതുമാസം ഒടുക്കുവരുത്താത്തതിനാൽ ഈയിനത്തിൽ കുടിശ്ശികത്തുക പെരുകുന്നു. 2020 ഫെബ്രുവരി മാസംവരെയുള്ള വെള്ളക്കരം കുടിശ്ശിക 1.47 കോടി രൂപയാണ്. കുടിശ്ശികത്തുകയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം 2 ശതമാനം നിരക്കിലാണ് പിഴപ്പലിശ ഈടാക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.06.2012 ലെ സ.ഉ(സാ).1583/12/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് കേരള വാട്ടർ അതോറിറ്റി നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ നിശ്ചയമായും ഒടുക്കേണ്ടതാണെന്നും, ഈ ഇനത്തിൽ കുടിശിക ഉണ്ടാകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തനത് ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പ്രതിമാസം വെള്ളക്കരം ഒടുക്കാതിരിക്കുന്നതെന്നാണ് ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചത്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, വെള്ളക്കരം ഇനത്തിൽ 3,00,000 രൂപയും (റോഡിതര മെയിന്റനൻസ് ഗ്രാന്റ്) വെള്ളക്കര കുടിശ്ശികയിനത്തിൽ 3,98,561 രൂപയും (വികസന ഫണ്ട്) തൻവർഷം ഒടുക്കിയിട്ടുണ്ട്.

മുൻ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കി, ഉപയോഗിക്കുന്ന ജലത്തിനു മാത്രമേ പണം നൽകുന്നുള്ളുവെന്ന് ഉറപ്പാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്നത് അഭിനന്ദനാർഹമായ കാര്യമാണ്. സംയുക്ത പരിശോധനയ്ക്ക് ശേഷം പൊതുടാപ്പുകളുടെ എണ്ണം 293-ൽ നിന്ന് 99 ആയി കുറഞ്ഞിട്ടുണ്ട്. നിലവിൽ പ്രതിമാസം 43,313 രൂപയാണ് വെള്ളക്കരം. പ്രതിമാസമുള്ള വെള്ളക്കരം ഒടുക്കുന്നതിനോടൊപ്പം കുടിശ്ശിക തീർക്കുന്നതിനുള്ള

ആത്മാർത്ഥമായ ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്. മതിയായ തനത് ഫണ്ടിന്റെ അഭാവത്തിൽ മെയിന്റനൻസ് ഗ്രാന്റ് കുടിവെള്ളക്കരം ഒടുക്കുന്നതിന് വിനിയോഗിക്കുന്നതിനും, നിലവിലുള്ള വെള്ളക്കര കുടിശ്ശികയുടെ പിഴപ്പലിശ ഒഴിവാക്കി ലഭിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-15 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയില്ല

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഗ്രാമപ്പഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചില്ലാത്തതിനാൽ, ഉപയോഗിക്കാത്ത വൈദ്യുതിയ്ക്ക് ചാർജ്ജ് ഒടുക്കുന്ന അവസ്ഥയാണുള്ളത്. തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഇനത്തിൽ ഓഡിറ്റ് വർഷം 5,43,963 രൂപയാണ് ഒടുക്കിയിട്ടുള്ളത്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപ്പഞ്ചായത്തുകൾക്കുണ്ടാകുന്ന ഭീമമായ ചെലവ് ഇല്ലാതാക്കുവാനും ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുവാനും സാഹചര്യം ഉണ്ടാക്കുവാനായാണ് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ മുന്നോട്ടുവച്ചതും ആയതിനായി കെ.എസ്.ഇ.ബി യിൽ തുക ഡെപ്പോസിറ്റ് ചെയ്യുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചതും. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശം വന്നിട്ട് കാലങ്ങളായിട്ടും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുവാൻ നാളിതുവരെ ഗ്രാമപ്പഞ്ചായത്തിന് സാധിക്കാതിരുന്നത് പദ്ധതി ആസൂത്രണത്തിലുണ്ടായ വീഴ്ചയാണ്. ഇതുകാരണം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി. പ്രതിമാസം ഡിമാന്റ് ചെയ്യുന്ന ഭീമമായ തുക ഒടുക്കുവാൻ ഗ്രാമപ്പഞ്ചായത്ത് നിർബന്ധിതരാകുകയും തനത് ഫണ്ടിൽ നിന്ന് ഈയിനത്തിൽ വൻതുക ചെലവഴിക്കേണ്ടി വരികയും ചെയ്യുന്നു. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കി, ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-16 വാങ്ങിയ വാട്ടർടാങ്ക് മുഴുവനായും വിതരണം ചെയ്തില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പി.വി.സി. വാട്ടർ ടാങ്ക് വിതരണം, SO 039/19 |
| അടങ്കൽ തുക | 24,000 (TSP)<br>8250 (ഗുണഭോക്തൃവിഹിതം) |
| ചെലവ് | 24,000, Bill No. 62/18-19/ 05.02.19 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പി.വി.സി. വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിന് രൂപീകരിച്ച പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി ടെണ്ടർ നടപടിയിലൂടെ റിവർ ടെക്ക് വാട്ടർ സൊല്യൂഷൻ എന്ന സ്ഥാപനത്തിൽ നിന്ന് 31,900 രൂപയ്ക്ക് 11 വാട്ടർ ടാങ്കുകൾ വാങ്ങിച്ചിരുന്നു. എന്നാൽ ഇവയുടെ വിതരണം സംബന്ധിച്ച രേഖകൾ പ്രകാരം 8 വാട്ടർ ടാങ്കുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന 3 വാട്ടർ ടാങ്കുകൾ വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 05.03.2020-ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ ഭാഗമായി 8 ഗുണഭോക്താക്കളിൽ നിന്ന് മാത്രമാണ് ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത്.

എന്നാൽ ടി തുക നാളിതുവരെ വാട്ടർടാങ്ക് വിതരണം ചെയ്ത സ്ഥാപനത്തിന് നൽകാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വികസനഫണ്ടിനത്തിൽ വകയിരുത്തിയ തുകമാത്രമാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ചെടുത്ത തുക സ്ഥാപനത്തിന് നൽകാതിരിക്കുന്നതിനുള്ള കാരണം വ്യക്തമല്ല. അപാകതകളുടെ വെളിച്ചത്തിൽ, ഗുണഭോക്താക്കളുടെ എണ്ണത്തിൽ അധികമായി വാങ്ങിയ 3 വാട്ടർ ടാങ്കുകളുടെ വില 8700 രൂപ (2900 x 3) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വാട്ടർടാങ്കുകൾ വിതരണം ചെയ്യാത്തപക്ഷം അധികമായി ചെലവഴിച്ച തുക നിരാകരിക്കുന്നതായിരിക്കും.

# 1-17 ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തീകരിച്ചതിന് രേഖകളില്ല

1.

| | |
|---|---|
| പദ്ധതിയുടെ പേര് | ലൈഫ് ഭവന പദ്ധതി, SO 053/19 |
| അടങ്കൽ തുക | 19,07,200 (വികസനഫണ്ട്-ജനറൽ)<br>10,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>4,59,822 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>26,32,978 (ലോൺ) |
| ചെലവ് | 19,07,200 (വികസനഫണ്ട്-ജനറൽ)<br>10,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>4,59,822 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>10,12,978 (ലോൺ) |

പദ്ധതിയുടെ ഭാഗമായി വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയിട്ടുള്ള താഴെപ്പറയുന്നവർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതിന്റെ രേഖകൾ ലഭ്യമല്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | അനിത പി. ചാക്കോ<br>പത്താഴത്തുങ്കൽ, W-1 | 300000<br>(3 ഗഡു) |
| 2 | ഷാജി കെ.കെ.<br>ഉമ്മപ്പുഴ വാളുവേലിൽ, W-12 | 200000<br>(2 ഗഡു) |
| 3 | ശാലിനി എം.എസ്സ്.<br>പുള്ളോലിൽ, W-6 | 360000<br>(3 ഗഡു) |
| 4 | ജോൺസൺ വി.എം.<br>വെള്ളക്കല്ലിൽ, W-6 | 360000<br>(3 ഗഡു) |
| 5 | വിജയമ്മ റ്റി.ആർ. | 300000 |

| | | |
|---|---|---|
| | തടത്തിൽ പുരയിടം, W-2 | (3 ഗഡു) |
| 6 | നിഷാദ് നായർ<br><br>ചുഴിക്കുന്നേൽ, W-3 | 200000<br>(2 ഗഡു) |
| 7 | ശ്യാമള രവീന്ദ്രൻ<br><br>ശ്യാമളാലയം, W-9 | 360000<br>(3 ഗഡു) |
| 8 | കുഞ്ഞുമോൾ<br><br>മൂലേപ്പറമ്പിൽ, W-2 | 360000<br>(3 ഗഡു) |
| 9 | സോമലത<br><br>ഇല്ലത്തുവീട്, W-10 | 300000<br>(3 ഗഡു) |
| 10 | അശോകൻ കെ.പി.<br><br>കല്ലുകുന്നേൽ വെട്ടുകല്ലുംകുഴിയിൽ, W-8 | 300000<br>(3 ഗഡു) |
| 11 | സുശീല ബാബു<br><br>മുള്ളൻകുഴിയിൽ, W-2 | 300000<br>(3 ഗഡു) |

2.

| | |
|---|---|
| പദ്ധതിയുടെ പേര് | ലൈഫ് ഭവന പദ്ധതി, SO 054/19 |
| അടങ്കൽ തുക | 7,02,933 (വികസനഫണ്ട്-SCP)<br><br>97,067 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 19,07,200 (വികസനഫണ്ട്-ജനറൽ)<br><br>17,067 (ജില്ലാ പഞ്ചായത്ത് വിഹിതം) |

പദ്ധതിയുടെ ഭാഗമായി വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയിട്ടുള്ള താഴെപ്പറയുന്നവർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതിന്റെ രേഖകൾ ലഭ്യമല്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശാന്തമ്മ ദേവദാസ്<br><br>കുളമാവുങ്കൽ, W-6 | 360000 (3 ഗഡു) |
| 2 | സജിത എ.കെ.<br><br>പുള്ളോലിൽ കുരുന്നംവേലി, W-6 | 360000 (3 ഗഡു) |

ടി ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 05.03.2020-ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08) നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി ലഭ്യമാക്കിയില്ല. ടി ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഭവനനിർമ്മാണം

പൂർത്തീകരിച്ചിട്ടില്ലാത്തപക്ഷം നിർമ്മാണം പൂർത്തീകരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുകയോ, നാളിതുവരെ നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-18 ടെൻഡർ നടപടി ക്രമങ്ങൾ പാലിക്കാതെ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങൽ നടത്തി

കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഫലവൃക്ഷതൈ വിതരണം (പ്രോ.നം 81/19), കശുമാവ് കൃഷി വികസനം (പ്രോ.നം.25/19), സമഗ്ര പുരയിട കൃഷി വികസനം-കുരുമുളക്(പ്രോ.നം.22/19), സമഗ്ര പുരയിട കൃഷി വികസനം-വാഴ(പ്രോ.നം.20/19) എന്നീ പദ്ധതികൾക്കായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നുമാണ് തൈകൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളത്. 13ാം പഞ്ചവത്സര പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ [സ.ഉ(കൈ) നം.22/18 /ത.സ്വ.ഭ.വ/14.02.2018], വിത്തും അനുബന്ധ സാധനങ്ങളും കൃഷിവകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി എന്നിവയിൽ നിന്നും വാങ്ങുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായിയാണ് KAICOയിൽ നിന്നും വിത്തുകളും തൈകളും ടെൻഡർ കൂടാതെ വാങ്ങിയിട്ടുള്ളത്. കാർഷിക യന്ത്രവൽക്കരണം നടപ്പാക്കുന്നതിനായി കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ. KAICO-സ്വന്തമായി ഉൽപാദിപ്പിക്കുന്ന കാർഷിക ഉപകരണങ്ങളും സാധനസാമഗ്രികളും മാത്രമെ ടെൻഡർ കൂടാതെ നേരിട്ട് വാങ്ങുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുള്ളു.പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ,പി.എച്ച്.സി നിർവ്വഹണഉദ്യോഗസ്ഥനായി പാലിയേറ്റീവ് കെയർ പരിചരണ പദ്ധതിക്ക് (പ്രോജ.നം-82/18-19) മരുന്ന് വാങ്ങുന്നതിനായി 225400രൂപ (ബിൽ നം-04/28.02.2019) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. എന്നാൽ 64807രൂപയുടെ മരുന്നുകൾ KMSCL-ൽ നിന്നും ഇനിയും ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിവരം ലഭ്യമാക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

# 1-20 ആശ്രയ രണ്ടാം ഘട്ട പദ്ധതി അവലോകനം

സമൂഹത്തിലെ നിരാലംബരും, നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. 2017-ലാണ് രണ്ടാംഘട്ട ആശ്രയ പദ്ധതി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി തുടങ്ങിയത്. രണ്ടാം ഘട്ട പദ്ധതിയുടെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| ഫണ്ട് ഇനം | വകയിരുത്തിയ തുക | ലഭ്യമായ തുക | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| പ്ലാൻ ഫണ്ട് | 6811487 | 650000 | 358267 | 291733 |
| ചലഞ്ച് ഫണ്ട് | 1463200 | 487733 | 487733 | -- |
| **ആകെ** | **8274687** | **1137733** | **846000** | **291733** |

<u>ഘടകങ്ങളുടെ അടിസ്ഥാനത്തിലുള്ള ധനകാര്യ വിശകലനം</u>

| ക്രമ നം | ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ഭക്ഷണം | 1796400 | 846000 |
| 2 | ചികിത്സ | 892800 | -- |
| 3 | ഭൂമി വാങ്ങൽ | 600000 | -- |
| 4 | വീട് നിർമ്മാണം | 3000000 | -- |
| 5 | ഭവന പുനരുദ്ധാരണം | 1500000 | -- |
| 6 | പഠനസഹായം | 141000 | -- |
| 7 | സ്വയം തൊഴിൽ | 300000 | -- |

പദ്ധതിയ്ക്കായി ആകെ വകയിരുത്തിയ തുകയിൽ 2018-19 വരെ പദ്ധതിവിഹിതമായി 650000 രൂപയും ചലഞ്ച് ഫണ്ടായി 487733 രൂപയും ഉൾപ്പെടെ 1137733 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഭക്ഷണവിതരണത്തിനായി മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഭക്ഷണം, ചികിത്സ, വസ്തു വാങ്ങൽ, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം തുടങ്ങിയ പരിചരണ സേവനങ്ങൾ ഉൾപ്പെടുത്തിയാണ് കർമ്മ പദ്ധതി തയ്യാറാക്കിയതെങ്കിലും ഭക്ഷണ വിതരണം ഒഴികെ മറ്റ് സേവനങ്ങൾ ഒന്നുംതന്നെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടില്ല. അഗതി കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിവർത്തിക്കുക എന്നതിലുപരിയായി അവരുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ ഇല്ലാതാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്നതാണ് ആശ്രയ പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ ആശ്രയപദ്ധതി നടത്തിപ്പ് ഈ ലക്ഷ്യം പൂർണ്ണമായി കൈവരിക്കുന്നതിന് ഉതകുന്ന രീതിയിലല്ല. ഈ വിഷയത്തിൽ സി.ഡി.എസ്-ന്റെയും, പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധക്ഷണിക്കുന്നു. ആശ്രയപദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും അഗതിരഹിത കേരളം പദ്ധതിയുടെ ആക്ഷൻപ്ലാനിന് സംസ്ഥാനസർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്</u>

# നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ്-നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ്-നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 10.06.19 മുതൽ 12.06.2019 വരെ | കെ.എസ്.എ.പി.റ്റി.എ.പി1/602(1)/2019 തീയതി 12.07.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 2018-19 | 200000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 200000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | പാലിയേറ്റീവ് കെയർ | 300000 | 0 |
| | | 459822 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 459822 | 0 |
| | | 97067 | ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 17067 | 80000 |
| | | 200000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 200000 | --- |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 500000 | പാലിന് സബ്സിഡി | 348066 | 151934 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1000000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 1000000 | 0 |
| | | 142886 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 142886 | 0 |
| | | 27300 | അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ | 27300 | 0 |
| | | 950000 | പാലിന് സബ്സിഡി | 750000 | 0 |
| | | 150000 | അങ്കണവാടി | 0 | 15000 |

| | | | | | |
|---|---|---|---|---|---|
| | | | അനുപൂരക പോഷകാഹാരം | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | | 399971 | 399971 | 0 |
| | പി.എച്ച്.സി യിലേക്ക് വോൾട്ടേജ് വർദ്ധിപ്പിക്കാൻ ലൈൻ വലിക്കൽ | | 97350 | 97350 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി- | GO(MS)100/2018 lsgd dated 30.07.2018 | 2232978 | - | | | 2232978 |

| | | | | | | |
|---|---|---|---|---|---|---|
| ഹഡ്കോ വായ്പ | | | | | | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ. (എം.എസ്) നം.207/09 തീയതി 07.11.2009 | 8500000 | 2724522 | 272932 | 27068 | 2451584 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല .

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

# 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 59559036 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 51777464 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8700 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി).** **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 8700 | ശ്രീ.സജൻ.എസ്., വി.ഇ.ഒ, ആനിക്കാട് |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജൻ.എസ്., വി.ഇ.ഒ, ആനിക്കാട് | Assistant, M.G University | സജൻസദനം, ഉണ്ടുതട്ടിൽ, വെള്ളറട, തിരുവനന്തപുരം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1998-99 | എൽ.എഫ്.പിറ്റിഎ.പി2-529/00 തീയതി 7.11.2000 | 2 |
| 1999-00 (ജ.ആ) | എൽ.എഫ്.പിറ്റിഎ.പി7-936/11 തീയതി 12.11.2003 | 3 |
| 2000-01 (ജ.ആ) | എൽ.എഫ്.പിറ്റിഎ.പി4-128/04 തീയതി 14.6.2004 | 2 |
| 2000-01 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി4-676/05(a) തീയതി 31.03.2006 | 2 |
| 2001-02 (ജ.ആ) | എൽ.എഫ്.പിറ്റിഎ.പി4-129/04 തീയതി 4.9.2004 | 5 |
| 2001-02 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി4-676/03 തീയതി 02.06.2006 | 5 |
| 2002-03 | എൽ.എഫ്.പിറ്റിഎ.പി5-830/07 തീ. 19.3.2007 / 15.04.2008 | 11 |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി8-147/10 തീയതി 20.11.2011 | 7 |
| 2004-05 | എൽ.എഫ്.പിറ്റിഎ.പി7-802/10 തീയതി 4.10.2011 | 7 |
| 2005-06 | എൽ.എഫ്.പിറ്റിഎ.പി7-803/10 തീയതി 4.10.2011 | 8 |
| 2006-07 | എൽ.എഫ്.പിറ്റിഎ.പി7-545/11 തീയതി 9.12.2011 | - |
| 2007-08 | എൽ.എഫ്.പിറ്റിഎ.പി7-559/11 തീയതി 13.12.2011 | - |
| 2008-09 മുതൽ 2011-12 വരെ | എൽ.എഫ്.പിറ്റിഎ.പി7-39/13 തീയതി 10.5.2013 | 13 |
| 2012-13 | എൽ.എഫ്.പിറ്റിഎ.പി7-1152/14 | 6 |

| | | |
|---|---|---|
| | തീയതി 17.12.2011 | |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി7-558/15 തീയതി 4.7.2015 | 5 |
| 2014-15 | എൽ.എഫ്.പിറ്റിഎ.പി7-597/16 തീയതി 1.6.2016 | 5 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി7/1184/16/ തീയതി 10.11.2016 | 13 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി7/1184/16/ തീയതി 10.11.2016 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി7/237/18/ തീയതി 03.05.2019 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് ഓഫീസ്

പത്തനംതിട്ട

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**നം.കെ.എസ്.എ.പി.റ്റി.എ.പി7/200/2020** **തീയതി 27.04.2020**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ **ആനിക്കാട് ഗ്രാമപ്പഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക 1-11 ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ആനിക്കാട് ഗ്രാമപ്പഞ്ചായത്തിന്റെ** 2018-19ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട

## AUDIT CERTIFICATE

**No.KSAPTA.P7/200/2020** **Dated 27.04.2020**

Certified that I have Audited the Annual Financial Statement of **Anicadu Gramapanchayath** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Anicadu Gramapanchayath** for the year 2018-19 except the observations in para. 1-11 of the audit report properly presents the picture of income and expenditure.

Deputy Director

District Audit Office
Pathanamthitta